## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 435** **05-12-2022 - ൽ മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ? | (എ) | കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സമൂഹത്തിലെ ലഹരി ഉപയോഗം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അവയുടെ വാർഡ് തലത്തിലും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സ്കൂൾ/കോളേജ് തലത്തിലെ പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ കലാകായികപരമായുള്ള കഴിവുകളെ പരിപോഷിപ്പിച്ച് വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ "ഉണർവ്വ്"എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിച്ച് ആദിവാസി മേഖലകളിൽ കരിയർഗൈഡൻസ് ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, കലാകായിക പരിപാടികൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്തി വരുന്നു.<br><br>ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ "നേർക്കൂട്ടം", എന്ന പേരിലും ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിങ്ങ് ലഭ്യമാക്കുന്നതിന് തിരഞ്ഞെടുത്ത എക്സൈസ് |

ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി പ്രാഥമിക കൗൺസലിംഗ് സേവനം ലഭ്യമാക്കി വരുന്നു. ബോധവൽക്കരണത്തോ ടൊപ്പം തന്നെ ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡീക്ഷൻ സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി അഡീക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. സൗജന്യ കൗൺസിലിംഗ് ലഭിക്കുന്നതിനായി 14405 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗമുള്ള വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് അവരെ നേർവഴിക്ക് നയിക്കുവാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ “നേർവഴി” എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുന്നതിനായി ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്തൊട്ടാകെ ലഹരിക്കെതിരെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണ പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രചാരണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 6 മുതൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, മനുഷ്യചങ്ങല, കൂട്ടയോട്ടം, ബൈക്ക് റാലികൾ, കാൽനട ജാഥകൾ, വിവിധ കലാകായിക പരിപാടികൾ, സംവാദ മൽസരങ്ങൾ തുടങ്ങി വിവിധ മത്സരങ്ങൾ സംസ്ഥാന വ്യാപകമായി നടത്തിയിട്ടുണ്ട് .

ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ രൂപകല്പന ചെയ്ത് അച്ചടിച്ച് സംസ്ഥാന വ്യാപകമായി വിതരണം ചെയ്യുകയും തലസ്ഥാന നഗരി കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ പ്രചാരണ ബോർഡുകൾ സ്ഥാപിച്ച് വാഹനത്തിൽ ഇലക്ട്രോണിക് പരസ്യ പ്രചരണം നടത്തിയിട്ടുള്ളതുമാണ്. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ 22 ന് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ഗ്രന്ഥശാലകളിലും, വീടുകളിലും, വ്യാപാര സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ദീപം തെളിയിച്ചു. ആദ്യഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തം കണക്കിലെടുത്ത് 2022 നവംബർ 14

| | | | |
|---|---|---|---|
| | | | മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ട പ്രചാരണ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ